ഉത്തരം

(എ) ഇക്കാര്യത്തെ സംബന്ധിച്ച് ശ്രീ. ഇ. എം. അഗസ്തി എം.എൽ.എ.-യുടെ കത്ത് ലഭിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

പുതിയ ഡ്രഗ് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കൽ

175 [1702] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഡ്രഗ് ഇൻസ്പെക്ടർമാരാണ് സേവനമനുഷ്ഠിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇപ്പോൾ ഡ്രഗ് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) നിലവിലുള്ളവരുടെ ജോലിഭാരം കണക്കിലെടുത്ത് പുതിയ തസ്തികകൾ അനുവദിച്ച് ഉത്തരവാകുമോ ?

ഉത്തരം

(എ) ആകെ തസ്തിക—47
ഇപ്പോൾ ജോലി ചെയ്യുന്നവർ—46.

(ബി) ഒന്ന് (എസ്. ടി. സംവരണം).

(സി) സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തിക പരാധീനത കണക്കിലെടുത്ത് പുതിയ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

ആദിവാസി സെറ്റിൽമെന്റുകളിലെ സിക്കിൾസെൽ അനീമിയ രോഗം

176 [1703] ശ്രീ. ജോർജ്ജ് ജെ. മാത്യു :
,, എ. സുജനപാൽ :
,, എം. എ. വാഹിദ് :
,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ആദിവാസി സെറ്റിൽമെന്റുകളിൽ എവിടെയെല്ലാം സിക്കിൾസെൽ അനീമിയ എന്ന രോഗം കാണപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ;

(ബി) എത്രപേർക്ക് പ്രസ്തുത രോഗം ബാധിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) എത്രപേർ പ്രസ്തുത രോഗവാഹകരാണെന്ന് വിശദമാക്കുമോ ;

(ഡി) അവർക്ക് ചികിത്സ നൽകുന്നത് എവിടെയാണെന്നും എന്തെല്ലാം വിധത്തിലുള്ള വിദഗ്ദ്ധ ചികിത്സ നൽകുന്നുണ്ട് എന്നും പറയാമോ ?

ഉത്തരം

(എ) പാലക്കാട്, വയനാട് ജില്ലകളിൽ രോഗം കാണപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയിൽ 384 പേരും വയനാട് ജില്ലയിൽ 1292 പേരും രോഗബാധിതരായി കണ്ടെത്തിയിട്ടുണ്ട്.

(സി) വയനാട് ജില്ലയിൽ 900-ഓളം ആളുകൾ രോഗവാഹകരാണെന്ന് കണക്കാക്കുന്നു.

(ഡി) അട്ടപ്പാടിയിൽ അഗളി പി.എച്ച്.സി.-യിൽ സിക്കിൾസെൽ അനീമിയ ബാധിതരുടെ കുഞ്ഞുങ്ങൾക്ക് 6-3-2003-ലെ സർക്കാർ ഉത്തരവ് നമ്പർ 1683/03/ആകുവ പ്രകാരം ഹിബ് വാക്സിൻ നൽകുന്നുണ്ട്. രോഗത്തിന്റെ തീവ്രത കുറയ്ക്കാൻ ഹൈഡ്രോക്സി യൂറിയ ഗുളികകളും വൈറ്റമിൻ ഗുളികകളും നൽകിവരുന്നു. ജില്ലാ ആശുപത്രിയിലും താലൂക്ക് ആശുപത്രികളിലും ചികിത്സ നൽകുന്നുണ്ട്. മുട്ടിൽ വിവേകാനന്ദ മെഡിക്കൽ മിഷൻ ആശുപത്രിയിലും രോഗനിർണ്ണയവും ചികിത്സയും നടത്തിവരുന്നുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർക്കുള്ള ചികിത്സാ ധനസഹായ കുടിശ്ശിക

177 [1704] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-02 മുതൽ ഇതുവരെയായി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർക്ക് ചികിത്സാ സഹായമായി എത്ര തുക അനുവദിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത തുകയിൽ ഇനിയും കൊടുത്തുതീർക്കുവാനുള്ള കുടിശ്ശിക എത്രയെന്ന് വെളിപ്പെടുത്താമോ ;

(സി) തൃശ്ശൂർ ജില്ലയിൽ കൊടുത്തുതീർക്കുവാനുള്ള കുടിശ്ശിക തുക എത്ര ;

(ഡി) ശ്രീ. ഷി. എസ്. വാസു, പറങ്ങോടൻ വീട്, കണിമംഗലം, നെടുപുഴ, തൃശ്ശൂർ എന്നയാൾക്ക് അനുവദിച്ച 25,000 രൂപ അപേക്ഷകന് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാലതാമസം ഉണ്ടായതിന്റെ കാരണം വിശദമാക്കാമോ ;

(ഇ) പ്രസ്തുത തുക അപേക്ഷകന് നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly